CP NO 844(4)/

2021/SIC

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ CP.No.844(4)/2021/SIC

തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No.17294/SIC-Gen 2/2021

സന്നിഹിതൻ

ശ്രീ.കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

(തീയതി 26.09.2022)

ശ്രീ പി. പത്മനാഭൻ,
പത്മ നിവാസ്,
ഉരുവച്ചാൽ പി.ഒ
മട്ടന്നൂർ (വഴി),
കണ്ണൂർ-670 702. — പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വില്ലേജ് ഓഫീസ്,
പഴശ്ശി, തലശ്ശേരി. കൂർഗ് ഹൈവേ,
മട്ടന്നൂർ, കണ്ണൂർ. — എതിർകക്ഷി

## ഉത്തരവ്

പരാതി ഹർജിക്കാരൻ എതിർകക്ഷിയായ പഴശ്ശി വില്ലേജ് ഓഫീസർക്ക് 18.11.2021 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ എതിർകക്ഷിയുടെ ഓഫീസിൽ നിന്ന് FMB യുടെ പകർപ്പ് ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് ടിയാൻ 24.12.2021 ൽ കമ്മീഷന് സമർപ്പിച്ച പരാതി ഹർജിക്ക് ആധാരമായിട്ടുള്ളത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 26.09.2022 ൽ കണ്ണൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. താൻ ആവശ്യപ്പെട്ട FMB യുടെ പകർപ്പിന് 500/- രൂപ അടയ്ക്കാൻ ഒന്നാം എതിർകക്ഷി ആവശ്യപ്പെട്ടുവെന്നും, എന്നാൽ വിവരാവകാശ നിയമം അനുശാസിക്കുന്ന ഫീസ് മാത്രം ഈടാക്കി പകർപ്പ് ലഭിക്കാൻ തനിക്ക് അർഹതയുണ്ടെന്നും പരാതി ഹർജിക്കാരൻ പറഞ്ഞു.

4. എന്നാൽ റവന്യൂ രേഖകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കി മാത്രമേ നൽകാനാവൂ എന്ന് സർക്കാർ ഉത്തരവ് നില നിൽക്കുന്നതുകൊണ്ടാണ്, FMB പകർപ്പിന് 500/- രൂപ നൽകണമെന്ന് നിർദ്ദേശിച്ചതെന്ന് എതിർകക്ഷി പറഞ്ഞു.

5. ഇരുകക്ഷികളുടേയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു.

6. സർക്കാർ ഉത്തരവുള്ളതുകൊണ്ടാണ് അധികഫീസ് ആവശ്യപ്പെട്ടതെന്ന എതിർകക്ഷിയുടെ വാദം വസ്തുതാപരമാണെന്നതുകൊണ്ട്, അതിന്റെ പേരിൽ കമ്മീഷൻ നടപടിയെടുക്കുന്നില്ല. എന്നാൽ വിവരാവകാശ നിയമത്തിന്റെ 22-ാം വകുപ്പനുസരിച്ച്, ഈ നിയമത്തിന് അധിപ്രഭാവം (over riding effect) ഉള്ളതുകൊണ്ട്, വിവരാവകാശ അപേക്ഷകളിൽ ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പുകൾക്ക് അതനുസരിച്ചുള്ള ഫീസ് മാത്രമേ ഈടാക്കാനാവൂ. അതായത് A4 സൈസിലുള്ള പേജൊന്നിന് 3 രൂപാ പ്രകാരവും, അതിലും വലിയ പേജാണെങ്കിൽ അതിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പ് എടുക്കുന്നതിനുവേണ്ടി വരുന്ന ചെലവും മാത്രമേ ഫീസായി വാങ്ങാനാവൂ.

7. അതുകൊണ്ട് നിലവിൽ വിവരാവകാശ നിയമം അനുശാസിക്കുന്ന ഫീസ് മാത്രം ഈടാക്കി, എതിർകക്ഷി, ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ പരാതി ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട FMB പകർപ്പ് നൽകേണ്ടതാണ്.

8. മേൽപറഞ്ഞ പ്രകാരം പരാതി ഹർജിയിന്മേൽ ഇന്നേദിവസം 26.09.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

re